# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 12-07-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 146

## ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ജോയി :<br>ശ്രീ. വി.എസ്.അച്ചുതാനന്ദൻ :<br>ശ്രീ. ജോൺ ഫെർണാണ്ടസ് :<br>ശ്രീ. എ.പ്രദീപ് കുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെ വികസന പ്രവർത്തനം നടന്നിരുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെറുകിടതുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ നടന്നിരുന്നില്ല എന്ന് ആക്ഷേപം ലഭിച്ചിട്ടില്ല. |
| (ബി) സംസ്ഥാനത്തെ ഓരോ തുറമുഖങ്ങളുടേയും വികസന സാദ്ധ്യതകൾ പ്രത്യേകം പഠിച്ച് സാധ്യമായ വികസനം സാക്ഷാത്ക്കരിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ: | (ബി) സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളായ അഴീക്കൽ , ബേപ്പൂർ , പൊന്നാനി , കൊടുങ്ങല്ലൂർ , കൊല്ലം എന്നീ തുറമുഖങ്ങളുടെ വികസന സാദ്ധ്യതകൾ പഠന വിധേയമാക്കിയിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. |
| (സി) തുറമുഖങ്ങൾ വഴിയെത്തുന്ന ചരക്കുകൾ ജലമാർഗ്ഗം ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നതിന് ഉൾനാടൻ തുറമുഖങ്ങൾ നിർമ്മിക്കുന്നതിന്റെ ആവശ്യകതയുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | (സി) ഉണ്ട്. കേരള സംസ്ഥാനത്ത് കോട്ടപ്പുറം മുതൽ കൊല്ലം വരെ നീണ്ട് കിടക്കുന്ന ദേശീയ ജലപാത മൂന്ന് ഉപയോഗപ്പെടുത്തി ചരക്കുകൾ ലക്ഷ്യസ്ഥാനത്ത് എത്തിക്കാവുന്നതാണ് . ഇതിന്റെ ഭാഗമായി കൊടുങ്ങല്ലൂർ തുറമുഖത്ത് ഒരു ബർത്തിന്റെ നിർമ്മാണം പദ്ധതിയിട്ടിട്ടുണ്ട്. കടൽ മാർഗ്ഗം വരുന്ന ചരക്കുകൾ കൊടുങ്ങല്ലൂർ തുറമുഖത്ത് ഇറക്കി അവിടെനിന്നും ഉൾനാടൻ ജലവാഹനങ്ങൾ വഴി അവ ലക്ഷ്യസ്ഥാനത്ത് എത്തിക്കാൻ സാധിക്കും. ഇത്തരത്തിൽ ഒരു |

ബർത്ത് കായംകുളം തുറമുഖത്ത് നിർമ്മിക്കുന്നതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കി നൽകാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ ?

(ഡി) സംസ്ഥാനത്ത് 16 ചെറുകിട തുറമുഖങ്ങളും, കോട്ടയം എന്ന ഉൾനാടൻ തുറമുഖവുമാണ് തുറമുഖവകുപ്പിന് കീഴിലുള്ളത് . വിഴിഞ്ഞം , കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ നിലവിൽ ചരക്ക്, യാത്രാക്കപ്പലുകൾ വന്നു പോകുന്നുണ്ട്. പൊന്നാനി തുറമുഖം പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ രീതിയിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. മറ്റ് തുറമുഖങ്ങളിൽ ചരക്ക് ഗതാഗതവും പാസഞ്ചർ സർവ്വീസും നിലവിലില്ല.

സെക്ഷൻ ഓഫീസർ